**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**05 JULY 2019**
**02 DHUL-QADDAH 1440 AH**

# "EID PARTY"?
# ഈദ് പാർട്ടി

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **ഈദ് പാർട്ടി** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

റമദാൻ മാസത്തിന് ശേഷം, മുസ്ലിം സമുദായം വലിയവലിയ ഈദ് പാർട്ടി, അഥവാ ഈദ് ഭക്ഷണ പാർട്ടികൾ എന്ന പേരിൽ സംഗമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് കാണുമ്പോൾ ഇസ്ലാമിനേറ്റ വലിയ അപമാനമായി കാണാതിരിക്കുവാൻ കഴിയുകയില്ല. ഈ അനുഗ്രഹീത മാസത്തിന് ശേഷം, അതാ ശവ്വാൽ മാസം സമാഗതമായിരിക്കുന്നു. ഈദ്ൽഫിത്ർ ശവ്വാൽ മാസത്തിന്റെ പ്രഥമദിനത്തിലാകുന്നു. എല്ലാ വിശ്വാസികൾക്കും സന്തോഷം പങ്കുവെയ്ക്കാനുള്ള ഒരു ദിനമായി ഈദുൽ ഫിത്ർന് അല്ലാഹു(ത) നമുക്ക് നല്കിയിരിക്കുന്നു. ഇത് മുസ്ലിം സമുദായത്തിന് അല്ലാഹു(ത) നല്കിയതാണ്. ഈ ദിനത്തിൽ നാം ആഹരിക്കുവാനും, കുടിക്കുവാനും, സന്തോഷത്തോടെ കഴിയുവാനും കുടുംബാംഗങ്ങളും, മുസ്ലിംകൾ അല്ലാത്ത അയൽവാസികളും, സ്നേഹിതരുമായി പ്രസ്തുത സ്നേഹം പങ്കിടുവാനും അല്ലാഹു(ത)നമുക്ക് അനുവാദം തന്നിരിക്കുന്നു. ഈ ദിനത്തിൽ പായസം, കേക്ക് ഇവ വിതരണം ചെയ്യാവുന്നതാണ്. അതേപോലെ ബിരിയാണിയും നല്കാവുന്നതാണ്.

യഥാർത്ഥത്തിൽ ഈദ് ആഘോഷം വിശ്വാസികൾക്ക് സന്തോഷിക്കുവാൻ നല്കിയ ഒരു ദിവസത്തെ ആഘോഷമാകുന്നു. ഒരു മാസം ദൈർഘ്യമുണ്ടായിരുന്ന ത്യാഗത്തിന് ശേഷം, റമദാൻ മാസാനന്തരം അല്ലാഹു(ത) വിശ്വാസികൾക്ക് നല്കിയ സുദിനമാണ്. സൃഷ്ടാവായ അല്ലാഹുവിനെ അനുസരിച്ചവർക്കുള്ളതാണ് ഈദുർഫിത്ർ. അല്ലാഹുവിന്റെ മാർഗത്തിൽ വളരെയധികം ത്യാഗം ചെയ്തവർക്കുള്ളതാണ് പ്രസ്തുത ദിനം! ഏകദേശം 29,30 ദിവസങ്ങൾക്ക് ശേഷം (യഥാർത്ഥ വിശ്വാസികൾ (നിങ്ങൾ അല്ലാഹുവിനെ അനുസരിച്ചു. അനുവദനീയമായ കാര്യങ്ങളിൽ നിന്ന് വിട്ടുനിന്നു. അവയൊക്കെ നിയന്ത്രിക്കപ്പെടുകയോ നിരോധിക്കപ്പെടുകയോ ചെയ്യുകയുണ്ടായി, പ്രസ്തുത റമദാൻ മാസത്തിൽ, പ്രഭാതം മുതൽ പ്രദോഷം വരെ! അല്ലാഹു(ത) പറഞ്ഞപ്പോൾ, എന്നെ അനുസരിക്കൂ! എന്ന് ആഞ്ജാപിച്ചപ്പോൾ നിങ്ങൾ അനുസരിച്ചു, നിങ്ങൾ ത്യാഗം വരിച്ചു, വളരെയധികം സമയം ഇബാദത്തിൽ കഴിഞ്ഞു. ദിക്ക്റിൽ കഴിഞ്ഞു, ഖുർആൻ പാരായണത്തിൽ കഴിഞ്ഞു, ദുആകളിൽ കഴിഞ്ഞുകൂടി, ഫർസ്, നഫ്ൽ നമസ്ക്കാരങ്ങളിൽ കഴിഞ്ഞു, ദാനധർമ്മങ്ങൾ ചെയ്തു, അല്പം മാത്രം ഭക്ഷിക്കുകയും, അല്പം മാത്രം ഉറങ്ങുകയും ചെയ്തു, പരമാവധി സമയം പ്രാർത്ഥനകളിൽ മുഴികി,

അതുകൊണ്ട്, റമദാന് ശേഷം, തങ്ങളുടെ സൃഷ്ടാവിനെ, സമ്പൂർണ്ണമായി അനുസരിച്ച വിശ്വാസികൾക്ക്, അവന്റെ ഭക്തദാസന്മാർക്ക്, അവന്റെ സന്തോഷം പ്രകടിപ്പിക്കുവാനായി, അല്ലാഹു(ത) ഈദ്ൽ ഫിത്ർ നല്കിയിരിക്കുന്നു. ഈ ദിനത്തിൽ അല്ലാഹു(ത) അവന്റെ തൃപ്തി പ്രകടിപ്പിക്കുകയാണ്. തിന്നാനും, കുടിക്കുവാനും, കേക്കുകൾ വിതരണം ചെയ്യുവാനും, സന്തോഷിക്കുവാനുമുള്ള ഒരു ദിനം മാത്രമല്ല ഈദുൽഫിത്ർ, മറിച്ച് കുടുംബാംഗങ്ങളിലുണ്ടായിരുന്ന പിരിമുറുക്കങ്ങൾ മറക്കുവാനും, സ്വയം സംശുദ്ധരായി തീരുന്നതിനും, സദഖാത്തുർ ഫിത്ർ നല്കി ആത്മാക്കളെ പവിത്രീകരിക്കുന്നതിനുള്ള ദിനം കൂടിയാണ്.

അബൂഅയ്യൂബിൽ അൻസാരി(റ) റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു. റമദാൻ മാസത്തിൽ നോമ്പനുഷ്ഠി

ക്കുകയും, തുടർന്ന് ശവ്വാൽ മാസത്തിൽ ആറു നോമ്പു പിടിക്കുകയും ചെയ്തവനാരോ, അവൻ ജീവിതകാലം മുഴുവൻ വ്രതമനുഷ്ഠിക്കുന്നവനെപോലെയാകുന്നു (മുസ്ലിം)

മറ്റൊരു പ്രവാചകവചനത്തിൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു, റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നത്, പത്ത് മാസം വ്രതമനുഷ്ഠിച്ചതുപോലെയാകുന്നു. ആറ് ദിവസം വ്രതമനുഷ്ഠിക്കുന്നത് (ശവ്വാൽമാസത്തിൽ) രണ്ട് മാസം വ്രതമനുഷ്ഠിച്ചതുപോലെയാകുന്നു. അത് മുഴുവർഷവും വ്രതമനുഷ്ഠിച്ചതുപോലെയാകുന്നു. (അഹ്മദ്, നസാഈ)

മുകളിൽ ഉദ്ധരിച്ച രണ്ട് പ്രവാചക വചനങ്ങളെ പറ്റി നാം ചിന്തിക്കുമ്പോൾ, നമുക്ക് മനസ്സിലാകും, ഒരു നന്മയായ പ്രവർത്തിക്ക് 10 ഇരട്ടിയിൽ കൂടുതൽ പ്രതിഫലം ലഭിക്കുമെന്ന് റമദാനിലെ 30ദിവസവും അതേതുടർന്നുള്ള 6ദിന നോമ്പും (ശവ്വാൽ) കൂട്ടുമ്പോൾ 36 ദിവസമായി 36നെ 10 കൊണ്ട് ഗുണിക്കുമ്പോൾ 360 ആയിവരുന്നു. ചാന്ദ്രികമാസ കലണ്ടർ പ്രകാരം 360ദിവസമാകുമ്പോൾ ഒരു വർഷമായി. അപ്പോൾ 36 ദിവസത്തെ വ്രതാനുഷ്ഠാനത്തിലൂടെ ഒരുവർഷം വ്രതമനുഷ്ഠിച്ച പ്രതിഫലം നമുക്ക് ലഭിക്കുന്നു.

അൽഹംദുലില്ലാഹ് ഞാനെന്റെ പ്രസംഗത്തിന്റെ ആദ്യം പറഞ്ഞതുപോലെ ഈദുൽഫിത്ർ ആഘോഷം ഒരു ദിവസമായി നിയന്ത്രിച്ചു നിർത്തിയിരിക്കുന്ന ഒരു കാര്യമാണ്. റമദാന് ശേഷമുള്ള, കഴിഞ്ഞ കാല ഈദുൽ ഖുത്തുബകളിലൂടെ ഇത് ഞാൻ വിശദീകരിച്ചിട്ടുള്ളതുമാകുന്നു. ഈദുൽഫിത്ർ ചന്ദ്രക്കല ദൃശ്യമായാൽ നിങ്ങളുടെ പഴയകാല അനിസ്ലാമിക് പ്രവണതകളിലേക്ക് മടങ്ങി പോകരുത്. അങ്ങനെ ആയാൽ ഈ റമദാൻ നിങ്ങളിൽ ഒരു മാറ്റവും കൊണ്ടു വരുന്നില്ല. നിങ്ങളുടെ ജീവിത്തിന് ഒരു മാറ്റവും സംഭവിക്കുന്നില്ല, വിശിഷ്യാ ആത്മീയ രംഗത്ത്!

എന്നാൽ യഥാർത്ഥ വിശ്വാസികൾ, അവരിൽ നിന്നും റമദാൻ വിടപറയുമ്പോൾ, അവർ ദുഃഖിതരായി തീരുന്നു. ദുർബല വിശ്വാസികളെ സംബന്ധിച്ചിടത്തോളം, അവർ സന്തോഷഭരിതരായി തീരുന്നു. അവരെ സംബന്ധിച്ചിടത്തോളം റമദാൻ അവരുടെ ഇച്ഛകൾക്കും വിനോദത്തിനും തടസ്സമായിരുന്നു. ഒരു

ജയിൽ ജീവിതം പോലെയായിരുന്നു. നമ്മെ ദുഃഖിപ്പിക്കുന്നത് വിശിഷ്യാ മൗറിഷ്യസിൽ ഈദ് പാർട്ടി അത് വലിച്ച് എറിയപ്പെട്ടിരിക്കുന്നു എന്നതാണ്.

റമദാൻ മാസത്തിൽ, ഒരു പുതിയ മനോഭാവം നാം എവിടെയും കാണുന്നു. അതിനെ ഇഫ്താർ പാർട്ടി എന്നാണ് പേര് വച്ചിരിക്കുന്നത്. ഈദുൽഫിത്റിന് ശേഷം ഈദ്പാർട്ടി എന്നും നാമകരണം ചെയ്തിരിക്കുന്നു. അധികം ആളുകളും തങ്ങളെന്താണ് ചെയ്യുന്നതെന്ന് ചിന്തിക്കുന്നില്ല എന്നതാണ് വസ്തുത. അനുഗ്രഹീത റമദാൻ മാസം അവരെ പഠിപ്പിച്ച നല്ല കാര്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടു വരുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെടുന്നില്ല. ഭൗതികമായും ആത്മീയമായും, റമദാൻ അവരിൽ കൊണ്ടു വന്ന മാറ്റങ്ങളെപറ്റി അവർ മറന്നുപോയിരിക്കുന്നു. അനേകരും ഈദുൽഫിത്റിന് ശേഷമുള്ള ആറ് നോമ്പും പിടിച്ചിട്ടില്ല. (ഇപ്പോൾ നാമിതാ ദുൽഖഅ്ദ മാസത്തിൽ പ്രവേശിച്ചിരിക്കുന്നു) എന്നാൽ നാമെന്താണ് ഇപ്പോൾ കാണുന്നത്, അനേകരും ഓരോ ആഴ്ചയിലും ഈദ് പാർട്ടികൾ ആഘോഷിച്ചുകൊണ്ടിരിക്കുന്നു. എല്ലായിടത്തും ഈദ് പാർട്ടികൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നു. നമ്മുടെ അഭിവന്ദ്യ പ്രവാചകൻ(സ)യുടെ കാലത്തു ഇത്തരം പാർട്ടികൾ ഇത്തരം സമയങ്ങളിൽ, അവധി വേളകളിൽ നിലനിന്നിരുന്നില്ല. അനേകം മുസ്ലിംകളും ഇപ്പോൾ ഈദ് പാർട്ടികൾ, സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം പാർട്ടികൾ സംഘടിപ്പിക്കുവാനുള്ള മാസമാണ് ശവ്വാൽ മാസം എന്ന നിലയിൽ അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. മറ്റു മുസ്ലിംകൾ അഹ്മദീമുസ്ലിംകൾ അല്ലാത്തവർ) ഇത്തരം ആഘോഷങ്ങൾ സംഘടിപ്പിക്കുമ്പോൾ, നാം മനസ്സിലാക്കേണ്ട കാര്യം, അവർ അവരുടെ ഈസ(അ)നെ പറ്റിയുള്ള വിശ്വാസം ആകാശങ്ങളിൽ അദ്ദേഹം ജീവിച്ചിരിക്കുന്നു എന്നാണ്. അതിലൂടെ അവരുടെ വിശ്വാസം തന്നെ നഷ്ടപ്പെട്ടു പോയിരിക്കുന്നു. മുഹമ്മദ് മുസ്തഫ (സ)യെപറ്റിയുള്ള അവരുടെ വിശ്വാസം അദ്ദേഹം അവസാനത്തെ പ്രവാചകനാണെന്നാണ്, ദൈവീക വെളിപാടിന്റെ വാതിലുകളും പ്രവാചകന്മാരുടെ ആഗമന വാതിലുകളും അവർ അടച്ചു കഴിഞ്ഞിരിക്കു

ന്നു. അവരെ സംബന്ധിച്ചിടത്തോളം അല്ലാഹു(ത) സംസാരം നിർത്തിയിരിക്കുന്നു. (അതായത് ദൈവീക വെളിപാടുകൾ നല്കുന്നത്) അവർ എല്ലാവിധ ബിദ്അത്തുകളും ആചരിക്കുന്നു. ഉറൂസ് പോലുള്ള കാര്യങ്ങളോ, പീർമാരുടെ, വന്ദ്യ ആളുകളുടെ പേരിൽ അരങ്ങേറുന്ന ചടങ്ങുകൾ, മൗലിദ് പാരായണങ്ങൾ, മരണപ്പെട്ടവർക്കായി 8 ദിവസം മുതൽ 40 ദിവസം വരെയുള്ള ഖത്തം ഓതൽ, വലിയ അളവിൽ ബിരിയാണി തയ്യാറാക്കൽ, പഴങ്ങൾ നല്കൽ, മുല്ലാക്കളെ വിളിച്ച് വായന നടത്തുക, തിന്നുകയും കുടിക്കുകയും ചെയ്യുക. എന്നിട്ട് ഇതിനെല്ലാം ഉപരിയായി ഇതിനായി അവർക്ക് പണം കൊടുക്കുക, ഇസ്ലാമിക അധ്യാപനങ്ങളിൽ നിന്നും രൂപപ്പെടുത്തി എടുത്ത, മറ്റു ധാരാളം ബിദ്അത്തുകളും നിലനില്ക്കുന്നുണ്ട്, ദൗർഭാഗ്യവശാൽ അവർ ഈ എല്ലാ ബിദ്അത്തുകളും നടപ്പിലാക്കുന്നുണ്ട്. റസൂൽ (സ)യുടെ യഥാർത്ഥ അധ്യാപനം നടപ്പിലാക്കുന്നതിനു പകരം)

മറ്റൊരു ദൗർഭാഗ്യകരമായ കാര്യം കാണുന്നത്, അഹ്മദികളും ഈദ് പാർട്ടിൽ സംഘടിപ്പിക്കുന്നു എന്നതാണ്. മറ്റു മുസ്ലിംകളെക്കാൾ അവർ മികച്ചവരാണ് എന്നാണ് അവരുടെ ധാരണ. അവരുടെ വിചാരം അവർക്കായി മാത്രം സ്വർഗ്ഗകവാടം തുറന്നുവെച്ചിരിക്കുന്നു എന്നാണ്. കാരണം ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ൽ വിശ്വസിക്കുന്നതുമൂലമാണത് എന്ന് കരുതുന്നു. അദ്ദേഹം ഇസ്ലാമിൽ കടന്നുകൂടിയ എല്ലാ ബിദ്അത്തുകളും മോശനടപടികളും ഇല്ലായ്മ ചെയ്യാനായി വന്ന ആളാണ്. ഇസ്ലാമിൽ കടന്നു കൂടിയ ബിദ്അത്തുകളും വേരുറച്ചുപോയ തിന്മകളും മൂടോടെ പിഴുതു കളയുവാനായി നിയോഗിതനായ വ്യക്തി. അതെ ! തീർച്ചയായും അദ്ദേഹം അത്തരം ഒരു കാലഘട്ടത്തിലാണ് നിയോഗിതനായത്. താന്തോന്നികളായ മുല്ലാക്കൾ ഇസ്ലാമിന്റെ അധ്യാപനങ്ങളെ ചവിട്ടിമെതിക്കുകയായിരുന്നു.

എന്നാൽ, ഇപ്പോൾ അഹ്മദികളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്, സംഭവിച്ചു കൊണ്ടിരിക്കുന്നത്? ഇപ്പോൾ അവരാണ് ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ ചവിട്ടി മെതിക്കുന്നത്. പ്രസ്തുത യഥാർത്ഥ അധ്യാപനങ്ങൾ നമുക്ക് പഠി

ഷിച്ച് തന്നത് വാഗ്ദത്ത മസീഹ് ആയിരുന്നു. അവരിന്നിതാ പ്രസ്തുത അധ്യാപനങ്ങളെ ചവിട്ടിമെതിക്കുന്നു. അവരിന്ന്, മറ്റവരേക്കാൾ അധഃപതിച്ചിരിക്കുന്നു. വാഗ്ദത്ത മസീഹ് (അ)ന്റെ ജമാഅത്ത് ട്രഷറിയിലേക്ക് ധനം വന്നുകൊണ്ടിരിക്കുന്നു. ചന്ദഃ എന്ന നിലയിലും മറ്റും സംഭാവന ചെയ്ത ത്യാഗിവര്യന്മാരുടെ ധനമാണത്. ഈ ധനത്തെ അതിന്റെ തലപ്പത്തിരിക്കുന്നവർ പഴാക്കി കളയുന്നു. നിങ്ങൾ മനസ്സിലാക്കുക, ഈ ധനം അല്ലാഹുവിന്റെ ദീനി പ്രവർത്തനങ്ങൾക്ക്, അല്ലാഹുവിന്റെ വഴിയിൽ ചെലവാക്കേണ്ടതാണ്.

ദീൻ(അതായത് ഇസ്ലാം) സർവ്വശക്തനായ അല്ലാഹുവിന്റെ ഒരു അനുഗ്രഹമാണ്. പ്രസ്തുത അനുഗ്രഹം മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. ഇത് ഒരു ജീവിത വഴിയാണ്. ഇത് സമ്പൂർണ്ണ ഇഹലോകജീവിത വിജയവും, പരലോകജീവിത വിജയവും പ്രദാനം ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് ആരാണോ പിന്തിരിയുന്നത്, അവർ യഥാർത്ഥത്തിൽ സർവ്വശക്തനായ അല്ലാഹുവിനോട് നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നത്. ഇത്തരം ആളുകൾ, അല്ലാഹുവിന്റെ വഴിയിൽ ധനത്തെ ചെലവഴിക്കുന്നതിന് പകരം അവർ വലിയ സദ്യകൾക്കായി പണം ചെലവഴിക്കുന്നു. വളരെയധികം ചെലവുവരുന്ന കൂടാരങ്ങൾ കെട്ടി വിവിധതരത്തിലുള്ള അന്നപാനീയങ്ങളൊരൊക്കി മിനറൽ ജലവും, ജ്യൂസുകളും, സോഫ്റ്റ് ഡ്രിങ്ക്സും അതോടൊപ്പം ഭക്ഷണത്തിന്റെ ഒടുവിൽ വിളമ്പുന്ന പഴവും മധുര പലഹാരങ്ങളും മറ്റും ക്രമീകരിച്ച് വലിയ ആളുകൾ എന്ന് കരുത്തിപ്പെടുന്നവരെ തൃപ്തിപ്പെടുത്തുവാനായി ധനം ദുർവ്യയം ചെയ്യുന്നു. അവർ രാഷ്ട്രീയക്കാരെയും മന്ത്രിമാരെയും ക്ഷണിക്കുന്നു. അതോടൊപ്പം അവർ കരുതുന്ന വലിയ ആളുകൾ (ജമാഅത്തിൽ നടത്തുന്ന) അവർ എപ്പോഴും ഭൗതിക നേതാക്കന്മാരുടെ ചുറ്റുമുള്ള ആളുകളായിരിക്കും. അവർ രാഷ്ട്രീയക്കാരുടെയും, എം.എൽഎമാരുടെയും, എംപിമാരുടെയും, ഗവൺമെന്റിന്റെയും ആളുകളായിരിക്കും.

ഇത്തരം ആഘോഷങ്ങളിൽ, എപ്പോഴും, ഒരേ മുഖങ്ങൾ തന്നെയായിരിക്കും കാണപ്പെടുക. ഒരേ കുടുംബാംഗങ്ങളെ തന്നെ തെരഞ്ഞെടുക്കുകയും ക്ഷണിക്കപ്പെടുകയും ചെയ്യുന്നു.

സാധാരണ ആളുകളെ സംബന്ധിച്ചിടത്തോളം, പാവപ്പെട്ട കുടുംബാംഗങ്ങൾ, അവരെ ഈ പരിപാടികളിൽ നിന്നും ദൂരത്താക്കുന്നു. അവരിൽ നിന്നുള്ള വളരെ കുറച്ചു ആളുകളെ മാത്രമെ ഈ പരിപാടിയിൽ കാണുകയുള്ളു, അവർ സേവകന്മാരായിട്ടും, പാത്രം കഴുകുന്നവരായിട്ടും മറ്റും, വലിയ ആളുകളെ സംബന്ധിച്ചിടത്തോളം അവർ മണവാളന്മാരായി മേശയ്ക്കരികിലുണ്ടായിരിക്കും. അവർക്ക് ആഹാരം വിളമ്പികൊടുക്കണം, നമ്മെ എങ്ങോട്ടാണ് നയിച്ചു കൊണ്ടു പോകുന്നത്? ഈ വഴിയിലൂടെയാണോ റമദാൻ നമ്മെ നയിച്ചുകൊണ്ട് പോയത്? നിശ്ചയം! ഇത്തരം ആൾക്കാർ അവരുടെ സൃഷ്ടാവിനോട് നന്ദികേട് കാണിക്കുന്നവരാണ്. അവരെ ഒരു തരത്തിലും പുകഴ്ത്താവതല്ല അഥവാ ഇത്തരം ആളുകളുടെ പ്രവർത്തനങ്ങളെ ഒരു രീതിയും പ്രശംസിക്കാവതല്ല. അതുകൊണ്ടാണ്, ഇത്തരം ആൾക്കാർ, അവരെ തഖ്‌വ ഇല്ലാത്തവരാന്ന് എന്ന് പറയുവാനുള്ള കാരണം. ഇവർക്ക് ദീനിന്റെ യഥാർത്ഥ മൂല്യം എന്തെന്നറിയില്ല, അവർ ദൈവകല്പകൾ പിൻതുടരുന്നവരുമല്ല. ഈ അനുഗ്രഹീത മതത്തിൽ സമ്പൂർണ്ണമാക്കിയ കലപ്നകളെ അവർ അശേഷം പിന്തുടരുന്നവരല്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഇവരെ അധമൻമാരായി കണക്കാക്കുന്നതാണ്. അല്ലാഹു(ത)യുടെ ദൃഷ്ടിയിൽ തീരെ വെറുക്കപ്പെട്ടവനായ ഒരു വ്യക്തിയെ എങ്ങനെയാണ് നമുക്ക് പുകഴ്ത്തി പറയുവാൻ കഴിയുക?

നാം തുറന്നു സംസാരിക്കേണ്ടവരായി തീരേണ്ടതുണ്ട്. പരമമായ ഒരു സത്യം ഞാൻ പറയട്ടെ! ഈദാഘോഷം വിശ്വാസികൾക്കുള്ളതാണ്. അത് വ്രതമനുഷ്ഠിച്ചവർക്കുള്ളതാണ്. ഈദാഘോഷം മുസ്ലിം സമുദായത്തിന്റെ ഒരു ആഭ്യന്തര ആഘോഷമാണ്. അത്തരം ഒരാഘോഷം സൃഷ്ടാവായ അല്ലാഹു(ത) വിശ്വാസികൾക്കായി വിധിക്കപ്പെട്ടതാണ്. പ്രസ്തുത ദിനത്തിൽ നാം കേൾക്കേണ്ട സന്ദേശം അല്ലാഹു(ത)യുടെ സന്ദേശവും നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ അധ്യാപനങ്ങളുമാകുന്നു. അതാണ് യഥാർത്ഥമായ സന്ദേശം!

നമ്മുടെ ഈദ് ആഘോഷം (പ്രത്യേകമാക്കപ്പെട്ടിരിക്കുന്ന പ്രസ്തുത ദിനത്തിൽ) രാഷ്ട്രീയക്കാരാൻ മലീമസമാക്കുവാനുള്ള

സാഹചര്യം നാം നല്കരുത്. രാഷ്ട്രീയക്കാർ ഇതുപോലുള്ള ആഘോഷവേളകളിൽ അവർക്ക് ലഭിക്കുന്ന ഈ അവസരം ഉപയോഗിക്കുന്നത് അവരുടെ രാഷ്ട്രീയ ശത്രുക്കളെ വിമർശിക്കുവാനും, വിഡ്ഢിത്തം തട്ടിവിടുന്നതിനുമാകുന്നു. വോട്ടു കിട്ടുന്നതിനായി, മുസ്ലിംകൾക്ക് പൊതുവായ വാഗ്ദാനങ്ങൾ നല്കുവാൻ, അവർ, ഈ അവസരം ഉപയോഗപ്പെടുത്തുന്നു. തികച്ചും ആത്മീയമായ നമ്മുടെ ആഘോഷത്തെ, അവർ, അവരുടെ രാഷ്ട്രീയം കൊണ്ട് സിമന്റിടുന്നു. മുസ്ലിംകൾ അതും കേട്ടുകൊണ്ടിരിക്കുന്നു. പ്രസ്തുത രാഷ്ട്രീയക്കാർ തന്നെ, അവരെ മുസ്ലിംകളെ അടിച്ചു തവിടുപൊടിയാക്കുകയും ചെയ്യുന്നു.

നമ്മുടെ മതപരമായ ആഘോഷങ്ങളായ ഈദുൽ ഫിത്റും, ഈദുൽ അദ്ഹായിലും, സീറത്തുനബിയോഗങ്ങളിലും രാഷ്ട്രീയക്കാർക്ക് നമ്മെ അഭിസംബോധന ചെയ്യുവാനുള്ള അവസരം നല്കരുത് (കാരണം അത് തികച്ചും നമ്മുടെ ആത്മീയ സമ്മേളനങ്ങളാണ് മറ്റു മതക്കാരുടെ ഉദാഹരണങ്ങൾനോക്കുക. അവർ രാഷ്ട്രീയക്കാരെ വിളിക്കുമ്പോൾ, അവർക്ക് അവിടെ സംസാരിക്കുവാനുള്ള അവസരം നല്കുന്നില്ല. എന്നാൽ അവർക്കവിടെ ഇരിക്കാം, ആത്മീയ പ്രഭാഷണങ്ങൾ ശ്രവിക്കാം.) രാഷ്ട്രീയക്കാരോട് പറയുവാനുള്ള ധൈര്യം നമുക്കുണ്ടാകണം, അതായത് രാഷ്ട്രീയവേദികളിൽ നിങ്ങൾ രാഷ്ട്രീയം പറയുക. എന്നാൽ ദൗർഭാഗ്യവശാൽ, മറ്റു മതങ്ങളിൽ ഉള്ളതുപോലെ അധികാരമോഹികളായ ആളുകൾ നമ്മിലും ഉണ്ട്. വ്യക്തിപരമായ നേട്ടങ്ങൾ ആഗ്രഹിക്കുന്നവരും നമ്മിലുണ്ട്, ദൗർഭാഗ്യവശാൽ അഹ്മദിയ്യാ ജമാഅത്തിലും! അവരുടെ വ്യക്തിപരമായ നേട്ടങ്ങൾക്കായി ഭരണകൂടത്തിന്റെ ദൃഷ്ടിയിലും നല്ല പ്രതിഛായ ലഭിക്കുന്നതിനായി അവർ ആഗ്രഹിക്കുന്നു. ഇത്തരം ആളുകൾ, അധികാര ദാഹമുള്ളവർ, വ്യക്തിപരമായ നേട്ടങ്ങൾ ആഗ്രഹിക്കുന്നവർ, പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ(സ)യെ സ്നേഹിക്കുന്നവരാണ് എന്ന നാട്യത്തിൽ, പ്രത്യക്ഷരാകാറുണ്ട്! മുസ്ലിം ഉമ്മത്തിനെക്കാൾ വലിയ പ്രതിപത്തി പ്രവാചകനോട് ഉണ്ട് എന്ന നാട്യത്തിൽ! ഇപ്പോഴത്തെ ഭരണകൂടം ഏതെങ്കിലും ഒരു സമുദായത്തെ തകർത്ത് തരിപ്പണമാക്കുന്നുണ്ടെങ്കിൽ അതു മുസ്ലിം സമുദായത്തെ മാത്രമാണ്.

എന്നാൽ ഇതിൽ നിന്നും മുസ്ലിം സമുദായം ഒരു പാഠവും പഠിക്കുന്നില്ല.

ഭരണകൂടം ഈ രാജ്യത്തെ ന്യൂനപക്ഷത്തെ അവഗണിക്കുകയാണ്. ഒരു സമുദായത്തെ മാത്രമേ അവർ അനുകൂലിക്കുന്നുള്ളൂ. അത്തരം ഒരു രാഷ്ട്രീയക്കാരനെ നമുക്കെങ്ങനെയാണ് സഹിക്കാൻ കഴിയുക. അദ്ദേഹം നമ്മെ ഈദ് പോലുള്ള അനുഗ്രഹീതദിനത്തിൽ എന്ത് അഭിസംബോധനം ചെയ്ത സംസാരിക്കുവാനാണ്? മാത്രമല്ല അവരെ വീണ്ടും ക്ഷണിച്ചിരിക്കുന്നു. ഈ പ്രാവശ്യം ഈദ് പാർട്ടിൽ സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുവാനായി ക്ഷണിച്ചിരിക്കുന്നു. നിങ്ങൾ അവരെ കേൾക്കാൻ തയ്യാറായിരിക്കുന്നു. നിങ്ങളെ സംബന്ധിച്ചിടത്തോളം അവർ മോശം രാഷ്ട്രീയക്കാരല്ല. മോശം വാഗ്ദാനം ചെയ്യുന്നവരുമല്ല. റൂഹുൽഖുദ്സുമായി അല്ലാഹു(ത) ആളെ നിയോഗിച്ചപ്പോൾ, നിങ്ങൾ പുച്ഛത്തോടെ പിന്തിരിഞ്ഞവരാണ്, അല്ലാഹുവിന്റെ പ്രതിനിധിയെ ഒരു ശത്രുവായി കണ്ടവരാണ്, കള്ളനായി കണ്ടവരാണ്, കള്ളനായ പ്രവാചകനാണ്, കള്ളനായ ഖലീഫത്തുല്ലാഹ്യാണ്. അദ്ദേഹത്തിന് ലഭിച്ച വെളിപാടുകൾ, കള്ളവെളിപാടുകളാണ്! മറ്റുള്ളവരെയാണെങ്കിൽ അവരെ നിങ്ങൾ കേൾക്കും, അവർ വിഡ്ഢിത്തരം പറഞ്ഞാലും ശരി, അവർ ഒരു സഹായവും ചെയ്തില്ലെങ്കിലും ശരി! അവർ മുൻഗണന കൊടുക്കുന്നത് പിന്നിൽ നിന്ന് കുത്തുന്നവർക്കാണ്/അവരുടെ സഹപ്രവർത്തകരുടെ മാംസം തിന്നുന്നവരാണവർ/ശത്രുക്കളുടെ മാംസം തിന്നുന്നവരാണവർ. നമ്മുടെ തികച്ചും പരിശുദ്ധമായ ആത്മീയ ആഘോഷങ്ങളിൽ!

ഞാൻ എല്ലാ മുസ്ലിം സഹോദരീസഹോദരന്മാരോടും അപേക്ഷിക്കുകയാണ്. നിങ്ങൾ ബിദ്അത്തിന്റെ കെണിയിൽ വീണുപോകരുത്. ഈദ്പാർട്ടികൾ പോലുള്ള കെണിയിൽ- ഈദ്പാർട്ടികൾ ആഘോഷിക്കുന്ന മുസ്ലിം സംഘടനകളുണ്ട്. അതിൽ സ്ത്രീപുരുഷന്മാരും അപരിചിതരും പങ്കെടുക്കുന്നുണ്ട്. സമ്മിശ്രമായി അവർ അവിടെ സമ്മേളിക്കുന്നു. മുസ്ലിം സ്ത്രീകളെ പള്ളികളിൽ പ്രവേശിക്കുന്നതിൽ നിന്നും തടയപ്പെട്ടിരിക്കുന്നു. എന്നാൽ പാട്ട്, നൃത്തം, ഹവാലി പാർട്ടികൾ

തുടങ്ങിയ വിനോദങ്ങൾക്ക് അവർക്ക് അവിടെ ഹാജരാകാം, പങ്കെടുക്കാം, അവിടെ പുരുഷനും സ്ത്രീക്കും യാതൊരു വേർതിരിവുമില്ല.

ദൈവീക കല്പനകൾക്ക് യോജിക്കാത്ത ഇത്തരം പാർട്ടികളെല്ലാം അവസാനിപ്പിക്കുവാൻ ഞാൻ ആവശ്യപ്പെടുകയാണ്. ദീനിനെ പരിഹാസമാക്കി മാറ്റരുത്. അല്ലാഹു(ത) സമ്പൂർണ്ണമാക്കിയ മതമാണിത്. ഭൗതിക നേട്ടങ്ങൾക്കായി നിങ്ങൾ ദീനിനെ അതിന്റെ അധ്യാപനങ്ങളെ പിന്നിലേക്ക് തള്ളി മാറ്റരുത്. അല്ലാഹുവിനെ ഭയപ്പെടുക. അത് നിസ്സാരമായി കാണരുത്.

നമ്മിലേക്ക് അല്ലാഹു(ത)യുടെ തൃപ്തിയെ കൊണ്ടുവരുവാൻ, നാം അവന്റെ കല്പനകൾ അനുസരിക്കേണ്ടതുണ്ട്. നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ സുന്നത്തിനെ പിന്തുടരേണ്ടതുണ്ട്. സർവ്വശക്തനായ അല്ലാഹുവിനുവേണ്ടി നാം ജീവിച്ചു തുടങ്ങുമ്പോൾ മാത്രമെ ഇതിനൊക്കെ പരിഹാരമാവുകയുള്ളു. സർവ്വശക്തനായ അല്ലാഹുവിനു വേണ്ടി ജീവിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ദൈവീക ആശയങ്ങൾക്കനുസൃതമായി ജീവിക്കുക എന്നതാണ്. അതുകൊണ്ട് ദൈവീക അധ്യാപനങ്ങൾക്കനുസൃതമായി ജീവിക്കുക. അവനിൽ, അതിലൂടെ മാത്രമെ, മാനവികത ഉണ്ടായി വരികയുള്ളു. തഖ്‌വ ഉണ്ടായി വരികയുള്ളു. അല്ലാഹുവിലുള്ള ഭയം ഉണ്ടായി വരികയുള്ളു. ഇൻശാ അല്ലാഹ്! ആമീൻ!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*